സർക്കാർ ഓഫീസുകളിൽ കേടായ ഉപകരണങ്ങൾ നന്നാക്കുവാൻ പദ്ധതി

228 (6147) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ സർക്കാർ ഓഫീസുകളിൽ കേടായി കിടക്കുന്ന കമ്പ്യൂട്ടറുകൾ, ടൈപ്പ്റൈറ്ററുകൾ എന്നിവ നന്നാക്കി നൽകുന്നതിന് സ്റ്റേഷനറി വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവിധ സർക്കാർ ഓഫീസുകളിൽ കേടായി കിടക്കുന്ന ടൈപ്പ് റൈറ്ററുകൾ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീനുകൾ എന്നിവ നന്നാക്കി നൽകുന്നത് സ്റ്റേഷനറി വകുപ്പിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരാണ്. എന്നാൽ വിവിധ വകുപ്പുകളിലെ കേടായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്ത് നൽകുന്നതിന് നിലവിൽ സ്റ്റേഷനറി വകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

നക്ഷത്ര ചിഹ്നമിടാത്ത 5921, 5929, 5930, 5945, 5963, 5971, 5973, 5974, 5977, 5982, 5983, 5985, 6113 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം

ശ്രീ. ബി. ബാബു പ്രസാദ് : സർ, സംസ്ഥാനത്ത് ലക്ഷക്കണക്കിന് തൊഴിൽരഹിതരായ യുവതീയുവാക്കളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ് നിയമസഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. 31-5-2010-ന് അങ്ങ് നിയമസഭയിൽ നൽകിയ കണക്കനുസരിച്ച് 42,23,448 ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് താൽക്കാലിക വേക്കൻസികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിച്ച് അവിടെനിന്ന് കമ്മ്യൂണൽ റൊട്ടേഷൻ രജിസ്റ്റർ (സി.ആർ.ആർ.) പ്രകാരവും സംവരണതത്വങ്ങൾ പാലിച്ചും രജിസ്ട്രേഷന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നുമാണ് നിയമനങ്ങൾ നടത്തേണ്ടത്. പക്ഷെ ഇന്ന് ഈ സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുമന്ത്രിമാരുടേയും അദ്ധ്യക്ഷൻമാരുടേയും നേതൃത്വത്തിൽ അത് പൂർണ്ണമായി അട്ടിമറിക്കപ്പെട്ടിരിക്കുകയാണെന്ന് ദു:ഖത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം.

ശ്രീ. ബി. ബാബു പ്രസാദ് : നമ്മുടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളടക്കം വിവിധ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വേക്കൻസികൾ റിപ്പോർട്ട് ചെയ്തശേഷം പിൻവാതിൽ നിയമനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. ബാബു പ്രസാദ്, പ്ലീസ്, ... ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം. സഭയിൽ ഇങ്ങനെ പെരുമാറരുത്. പ്ലീസ്, ബഹുമാനപ്പെട്ട ഒരു മെമ്പർ ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുകയല്ലേ.

ശ്രീ. ബി. ബാബുപ്രസാദ് : താങ്ക് യു സർ, എന്നാൽ ഇതെല്ലാം അട്ടിമറിച്ചുകൊണ്ട് പിൻവാതിൽ നിയമനങ്ങളാണ് മിക്ക സർക്കാർ സ്ഥാപനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. സ്വന്തം രാഷ്ട്രീയ താൽപ്പര്യങ്ങളും സ്വജനപക്ഷപാതവും മാത്രം ലക്ഷ്യമാക്കി ഏതോ കേന്ദ്രത്തിലിരുന്നുകൊണ്ട് വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശവും ലിസ്റ്റും കൊടുത്തുകൊണ്ട് നിയമനം നടത്തുന്ന വളരെ സങ്കടകരമായ ഒരവസ്ഥയിൽ ഇന്നത്തെ യഥാർത്ഥ തൊഴിൽരഹിതരായ 42,23,448 പേർ ഒരു അവസരം കിട്ടാതെ വെള്ളത്തിനു വേണ്ടി കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ ഒരു തൊഴിലിനുവേണ്ടി കാത്തിരിക്കുകയാണ്. ഭരണഘടനാവിരുദ്ധവും ചട്ടവിരുദ്ധവുമായ നടപടിയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ നിർദ്ദേശങ്ങളെപ്പോലും ചോദ്യം ചെയ്യുന്ന തരത്തിൽ സംവരണ തത്വങ്ങൾ പാലിക്കാതെ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതുകൊണ്ട്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പി.എസ്.സി.യും വഴിയുള്ള നിയമനങ്ങൾ ഏഴുപേരുടേത് കഴിയുമ്പോൾ ഒരു റൊട്ടേഷൻ അടിസ്ഥാനത്തിൽ ഒരു ജനറൽ, ഒരു ഒ.ബി.സി. ഒരു എസ്.സി.എസ്.ടി, ഒരു ഒ.ഇ.സി. അങ്ങനെ കിട്ടുമായിരുന്ന റൊട്ടേഷൻ സംവിധാനങ്ങൾപോലും അട്ടിമറിക്കപ്പെടുന്നു. ഈ സ്ഥിതി തടയുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽനിന്ന് ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകിയിട്ടുണ്ട്. പക്ഷെ ഗവൺമെന്റിന്റെ വകുപ്പ് സ്റ്റഡി ചെയ്തതിനുശേഷം സംവരണതത്വങ്ങൾ അട്ടിമറിക്കപ്പെടാത്ത രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻവേണ്ടി നൽകിയിരിക്കുന്ന പ്രൊപ്പോസൽപോലും ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അത് നടപ്പായിട്ടുമില്ല. നിലവിലുള്ള വേക്കൻസികൾ ഫിൽ ചേയ്യേണ്ടത് നമ്മുടെ നാട്ടിലെ 1959-ലെ The Employment Exchanges (Compulsory notification of vacancies) Act (സി.എൻ.വി.ആക്ട്) പ്രകാരമാണ്. ഈ ആക്ട്പ്രകാരം അതാതു വകുപ്പുകളിൽ വരുന്ന വേക്കൻസികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാൻ വകുപ്പദ്ധ്യക്ഷൻമാർ ബാദ്ധ്യസ്ഥരാണ്. അങ്ങനെ വേക്കൻസി റിപ്പോർട്ട് ചെയ്യുന്ന വകുപ്പുകളിലേക്ക് സി.എൻ.വി. ആക്ട് പ്രകാരമാണ് നിയമനം നടത്തേണ്ടത്. സി.എൻ.വി. ആക്ടിലെ സെക്ഷൻ 4(1) പറയുന്നത്- After the commencement of this Act in any State or thereof, the employer in every establishment in public sector in that State or area shall, before filling up any vacancy in any employment in that establishment, notify

LIBRARY ARCHIVES Kerala Legislative Assembly

that vacancy to such employment exchanges as may be prescribed, എന്ന് സബ്സെക്ഷൻ (1)-ൽ പറയുന്നു. അതുപോലെ സബ്സെക്ഷൻ (2)-ൽ പറയുന്നത് The appropriate Government may, by notification in the official Gazette, require that from such date as may be specified in the notification, the employer in every establishment in private sector or every establishment pertaining to any class or category of establishments in private sector shall .....പ്രൈവറ്റ് സെക്ടർ കൂടി പറയുന്നുണ്ട് ... before filling up any vacancy in any employment in that establishment, notify that vacancy to such employment exchanges as may be prescribed, and the employer shall thereupon comply with such requisition എന്നാണ് ഈ സി.എൻ.വി. ആക്ടിൽ സെക്ഷൻ 4-ന്റെ സബ്സെക്ഷൻ (1)-ഉം (2)-ഉം പറയുന്നത്. നമ്മുടെ നാട്ടിൽ 5,000 ഹോം ഗാർഡുകളെ എടുത്തു. ആയിരക്കണക്കിന് ആളുകളെ എൻ.ആർ.എച്ച്.എം.-ലൂടെ ആശുപത്രികളിൽ എടുത്തു. കൺസ്യൂമർ ഫെഡറേഷനുകളിലും മറ്റ് സഹകരണ സ്ഥാപനങ്ങളിലും നിയമിച്ചു. അവിടെ ഒന്നും ഈ ആക്ട് പാലിച്ചില്ല. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതിലും ആളുകളെ എടുത്തു. ഈ ആക്ടിന്റെ നിയമങ്ങളോ ചട്ടങ്ങളോ പാലിക്കാതെയാണ് നിയമനം നടത്തിയിട്ടുള്ളത്. ദേവസ്വത്തിലെയും, സഹകരണ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടിട്ട് ആ നിയമനങ്ങൾ പോലും ഇന്ന് സുതാര്യമല്ലാത്തരീതിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ 42 ലക്ഷം വരുന്ന ചെറുപ്പക്കാരുടെ കാതലായ പ്രശ്നത്തിന് പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്താനും ശക്തമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : ബഹുമാനപ്പെട്ട ശ്രീ. ബാബു പ്രസാദ് വളരെ പ്രധാനപ്പെട്ട വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. നിലവിലുള്ള വ്യവസ്ഥകൾ ഞാൻ ആദ്യം വായിക്കാം. 21-11-1957-ലെ പബ്ലിക് ഡിപ്പാർട്ടുമെന്റ് സർവ്വീസ് (ഡി) വകുപ്പിലെ സർക്കുലർ എസ്.ഡി. (2) 29168/57 പി.ഡി. പ്രകാരം സംസ്ഥാന സർക്കാർ-അർദ്ധസർക്കാർ വകുപ്പിലെ എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നികത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് അനുശാസിക്കുന്നു. 21-12-1970-ലെ ഉത്തരവുപ്രകാരം സാമുദായിക സംവരണം പാലിക്കേണ്ടതിന്റെയും അതിന്റെ രജിസ്റ്റർ പരിപാലിക്കേണ്ടതിന്റെയും ചുമതല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാതെ സംവരണ നിയമങ്ങൾ ലംഘിച്ചുകൊണ്ട് വകുപ്പു മേധാവികൾ നിയമനങ്ങൾ നടത്തുന്നതിനെതിരെ എല്ലാ വകുപ്പു മേധാവികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപന തലവന്മാർക്കും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നികത്തണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ആഫീസർമാരും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ആഫീസർമാരുംതങ്ങളുടെ പരിധിയിൽവരുന്ന സ്ഥാപനങ്ങളിൽ .പരിശോധന നടത്തി അനധികൃത നിയമനം നടന്നിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട് എന്ന കേന്ദ്ര നിയമത്തിന്റെ ആർട്ടിക്കിൾ 4-ന്റെ ഉപവകുപ്പ് (4) പ്രകാരം ഓരോ സ്ഥാപനത്തിലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ല, അതാണ് ആ നിയമത്തിന്റെ പോരായ്മ. ആ പോരായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിയമത്തിൽ വ്യവസ്ഥ നിഷ്കർഷിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ഹൈദ്രാബാദിൽ ചേർന്ന നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വർക്കിംഗ് ഗ്രൂപ്പിന്റെ മുപ്പത്തിയഞ്ചാമത്തെ മീറ്റിംഗിലും തിരുവനന്തപുരത്തുചേർന്ന മുപ്പത്തിയാറാമത്തെ മീറ്റിംഗിലും ആവശ്യപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ ഒരു സംസ്ഥാന നിയമം കൊണ്ടുവരണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമം ലാ വകുപ്പ് പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ആ നിയമം കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തോടുകൂടി മാത്രമേ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റ് അതിന് അംഗീകാരം നൽകിയാൽ നിശ്ചയമായിട്ടും അത് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതാണ്. ഒരു കാര്യം കൂടി പറയാം. ഈ നിയമത്തിൽ വേക്കൻസി നോട്ടിഫൈ ചെയ്യുകയെന്നുള്ളതാണ്. വേക്കൻസീസിൽ താൽക്കാലികമായി നിയമനം നടത്താൻ കമ്പൽസറിയായി വ്യവസ്ഥയില്ല. അതുകൊണ്ട് പല സ്ഥാപനങ്ങളും അതിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയാണ്. അതേ സമയം കേരളത്തിൽ ഈ കഴിഞ്ഞ നാലര വർഷത്തിനകം 55,000 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമിച്ചിട്ടുണ്ട്. അതിൽ കുറച്ചുപേർ സ്ഥിരം ജീവനക്കാരാണ്. പിന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള സ്ഥിരം നിയമനങ്ങൾ നടത്തുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥയുണ്ട്. ഇവിടെ പുറംവാതിലിലൂടെ ആരെയും നിയമിച്ചിട്ടില്ല. അപ്രകാരം നിയമിക്കാൻ പാടില്ലായെന്ന് സംസ്ഥാന മന്ത്രിസഭ വളരെ വ്യക്തമായി തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബി. ബാബു പ്രസാദ്: സർ, അങ്ങ് 55,000 പേരെ കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമിച്ചു എന്നുപറയുന്നു. അങ്ങ് പഴമുറം പിടിച്ച് സത്യത്തെ മറയ്ക്കാൻ ശ്രമിക്കുന്ന ഒരാളാണെന്ന് ഞാൻ കരുതുന്നില്ല. എനിക്ക് അനുഭവത്തിൽനിന്ന് മനസ്സിലായിട്ടുണ്ട്. പക്ഷെ ഗുരുവായൂർ ദേവസ്വത്തിൽ ഇപ്പോൾ 200 പേരെ പിൻവാതിലിലൂടെ എടുക്കാൻ പോകുന്നു. കഴിഞ്ഞ നാലുവർഷമായി അയ്യായിരം ഹോം ഗാർഡ്,

LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം-ലെ ആയിരക്കണക്കിനാളുകൾ, അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകളിൽ ഒക്കെയെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ അടക്കമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സേചേഞ്ചുകൾവഴി നടത്താൻ അങ്ങ് ശക്തമായ നടപടിയെടുക്കുമോ ?

ശ്രീ. പി.കെ. ഗുരുദാസൻ : ബഹുമാനപ്പെട്ട ശ്രീ. ബി. ബാബു പ്രസാദിന്റേത് തെറ്റിദ്ധാരണയാണ്. അതായത് താൽക്കാലിക നിയമനങ്ങൾ ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തേണ്ടത്. സ്ഥിരം നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ സ്ഥാപനത്തിനും അതിന്റേതായിട്ടുള്ള നിയമ വ്യവസ്ഥകളുണ്ട്, ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളനുസരിച്ചാണ് നിയമിക്കുന്നത്. അതേസമയം താൽക്കാലിക നിയമനങ്ങൾ തികച്ചും താൽക്കാലികമായി ആറുമാസക്കാലത്തേക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിതന്നെ നിർബന്ധമായും നടത്തണമെന്ന് കർശനമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യും.

(2) മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി

ശ്രീ. എം. എം. മോനായി : സർ, മലയാള ഭാഷയ്ക്ക് മഹിതവും ശ്രേഷ്ഠവുമായ ക്ലാസിക്കൽ പദവി ലഭ്യമാക്കുന്നതിലേക്കും സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കുമാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഭാഷ ഒരു ജനതയുടെ ജീവിതാവിഷ്ക്കാരവും സാമൂഹിക ഉൽപ്പന്നവുമാണ്. ഒരു സമൂഹത്തിന്റെ ചരിത്രവും സംസ്ക്കാരവും അതിലുണ്ട്. ഭാഷ നിർണ്ണയിച്ചതും നിർമ്മിച്ചതുമായ ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. ഓരോ ഭാഷയ്ക്കും അവയുടേതായ അർഹതപ്പെട്ട സ്ഥാനമുണ്ട്. ഇൻഡ്യയിലെ ഓരോ ഭാഷയും ഇൻഡ്യ നിർമ്മിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചവയാണ്. വൈദേശിക അധിനിവേശ ഭാഷകളിൽ നിന്ന് വ്യത്യസ്തമായി മലയാള ഭാഷയുടെ വേരുകൾ ആദിമ ഭാരതീയ സംസ്ക്കാരവുമായി ബന്ധപ്പെട്ടതാണ്. ദ്രാവിഡ ഗോത്രത്തിൽപ്പെട്ടതാണ് നമ്മുടെ മലയാള ഭാഷ. സിന്ധുനദീതട സംസ്ക്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് ദ്രാവിഡ ഗോത്രം. തമിഴും തെലുങ്കും മലയാളവും ദ്രാവിഡ ഗോത്രത്തിൽപ്പെടുന്നു. ഈ കുടുംബ വിഭജനത്തിൽ ഉച്ചനീചത്വങ്ങളില്ല. ഭാഷാശാസ്ത്ര പണ്ഡിത ശ്രേഷ്ഠർ പലരും ഒന്നുകിൽ തമിഴിന്റെ ജ്യേഷ്ഠത്തിയോ അനുജത്തിയോ ആയി മലയാള ഭാഷയെ കാലഗണന ചെയ്തിട്ടുണ്ട്. ക്രിസ്തുവിന് മുൻപ് അഞ്ഞൂറാമാണ്ടിൽ തന്നെ ലക്ഷണമൊത്ത വ്യാകരണ ഗ്രന്ഥങ്ങൾ ദ്രാവിഡ ഭാഷയിൽ ഉരുത്തിരിച്ചിട്ടുണ്ട്. ഭാഷയുണ്ടായി വർഷങ്ങൾക്കുശേഷമാണ് ഒരു ഭാഷയിലെ സാഹിത്യവും വ്യാകരണങ്ങളും ഉണ്ടാകുന്നത്. തമിഴും മലയാളവും തെലുങ്കും കന്നടയും ഒരേ ഗോത്രത്തിന്റെ തന്നെ മക്കളാകയാൽ മുപ്പിളമ തർക്കങ്ങൾക്ക് പ്രസക്തിയില്ല. മലയാള ഭാഷയെ ക്ലാസിക്കൽ ഭാഷയായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. എന്നാൽ തമിഴിനേയും തെലുങ്കിനേയും

LIBRARY ARCHIVES Kerala Legislative Assembly